# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3091**.

**19-06-2018 ൽ മറുപടിയ്ക്ക്**

## തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുന്ന നടപടി

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നടപ്പു സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2016-17 ൽ 2782.3857 ഹെക്ടറിലും 2017-18 ൽ 5485.686 ഹെക്ടറിലും തരിശുനിലം കൃഷി ചെയ്തു.<br>യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സർക്കാർ/സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിന് ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയും കൂടാതെ സംസ്കരണം യന്ത്രവൽകരണം എന്നിവ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | കാര്യങ്ങൾക്കും പ്രോജക്ട് അധിഷ്ഠിത സാമ്പത്തികസഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക നെൽ കൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവ ആണ് പ്രധാന ലക്ഷ്യം. നെൽ വർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രോജക്ടധിഷ്ഠിത ധനസഹായം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി സംസ്ഥാന/ജില്ലാ/മണ്ഡലം/ പഞ്ചായത്ത് തലങ്ങളിൽ പ്രത്യേക കമ്മിറ്റികളോ, സംവിധാനങ്ങളോ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൊതുവിൽ തരിശുനില കൃഷി നിരീക്ഷിക്കുന്നതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടില്ല. പഞ്ചായത്തു തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ പദ്ധതി അവലോകനം ചെയ്യുന്നുണ്ട്.<br>എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും മണ്ഡലാടിസ്ഥാനത്തിൽ തരിശുരഹിത മണ്ഡലമാക്കുന്നതുൾപ്പെടെയുള്ള സമഗ്ര കാർഷിക വികസന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇതിനകംതന്നെ ഒട്ടേറെ എം.എൽ.എ.മാർ മുൻകൈ എടുത്ത് കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ- ഇറിഗേഷൻ വകുപ്പുകളുടെയും, മണ്ണ് സംരക്ഷണ വകുപ്പുകളുടെ പദ്ധതികളും, |

<table>
<tr><td></td><td></td><td></td><td>എം.എൽ.എ., എം.പി. ഫണ്ടുകളും ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എം.എൽ.എ.മാർ ആവശ്യപ്പെടുന്ന പക്ഷം ഇത്തരം പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകമായി അധിക ചുമതല നൽകി നിയോഗിക്കാവുന്നതാണ്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും എത്ര ഏക്കർ തരിശുനിലങ്ങൾ വീതം കൃഷിക്ക് അനുയോജ്യമാക്കി എന്ന കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദമാക്കാമോ;</td><td>(സി)</td><td>കൃഷി വകുപ്പ് പദ്ധതികൾ മുഖാന്തിരം ഓരോ ജില്ലയിലും കൃഷിക്ക് അനുയോജ്യമാക്കിയ തരിശുനിലങ്ങൾ സംബന്ധിച്ച കണക്ക് തയ്യാറാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.
<table>
<tr><th rowspan="2">ജില്ല</th><th colspan="2">വിസ്തീർണ്ണം ഏക്കറിൽ</th></tr>
<tr><th>2016-17</th><th>2017-18</th></tr>
<tr><td>തിരുവനന്തപുരം</td><td>66.3</td><td>166.2</td></tr>
<tr><td>കൊല്ലം</td><td>420.283</td><td>785.27</td></tr>
<tr><td>പത്തനംതിട്ട</td><td>581.6</td><td>1100</td></tr>
<tr><td>ആലപ്പുഴ</td><td>628.88</td><td>1694</td></tr>
<tr><td>കോട്ടയം</td><td>467.797</td><td>1990</td></tr>
<tr><td>ഇടുക്കി</td><td>56.3</td><td>100</td></tr>
<tr><td>എറണാകുളം</td><td>507.5</td><td>1180.68</td></tr>
<tr><td>തൃശ്ശൂർ</td><td>1203.94</td><td>2168.25</td></tr>
<tr><td>പാലക്കാട്</td><td>0</td><td>417.863</td></tr>
<tr><td>മലപ്പുറം</td><td>773.325</td><td>1306.65</td></tr>
<tr><td>കോഴിക്കോട്</td><td>945.61</td><td>1075</td></tr>
<tr><td>വയനാട്</td><td>238.875</td><td>446.25</td></tr>
<tr><td>കണ്ണൂർ</td><td>962.805</td><td>842.383</td></tr>
<tr><td>കാസർഗോഡ്</td><td>102.75</td><td>441.675</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നടപ്പുവർഷം ഇതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>നിലവിലെ പദ്ധതികൾ തുടർന്ന് വരികയാണ്.</td></tr>
</table>

Maya P

**സെക്ഷൻ ഓഫീസർ**